**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3940** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങളായ പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, എലമ്പുലാശ്ശേരി എന്നീ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് പ്രസ്തുത മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത പുതിയ ആശുപത്രികൾ ഏതെല്ലാമാണെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) | ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സാഹചര്യം വിലയിരുത്തിയാണ് ഇ- ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. 2022-23 സാമ്പത്തിക വർഷം ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിനായി തയ്യാറാക്കിയ ആശുപത്രികളുടെ പുതുക്കിയ പട്ടികയിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി രോഗികൾക്ക് എത്രത്തോളം ഉപകാരപ്രദമാണ് എന്നുള്ളത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇ ഹെൽത്ത് പദ്ധതി രോഗികൾക്ക് എത്രത്തോളം ഉപകാരപ്രദമാണ് എന്നുള്ളത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ